(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾ, ഹീമോഫീലിയ രോഗികൾ, സിക്കിൾസെൽ അനീമിയ രോഗികൾ, ഗർഭിണികൾ, തലാസീമിയ രോഗികൾ തുടങ്ങിയവർക്ക് ഗവൺമെന്റ് ബ്ലഡ് ബാങ്കുകളിൽനിന്നും സൗജന്യമായി രക്തം നൽകുന്നുണ്ട്.

ദന്തരോഗങ്ങൾ

35 (8095) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ദന്തരോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് എന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) തൃപ്തികരമായ ദന്തസുരക്ഷ രോഗികൾക്ക് ഉറപ്പാക്കുന്നതിനായി ആശുപത്രികളിൽ നൂതനവും അത്യാധുനികവുമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനായി 1-7-2011 മുതൽ 31-3-2014 വരെ എത്ര തുക ചെലവഴിച്ചു ; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും ദന്തഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആഹാര രീതികളിലും ജീവിത ശൈലികളിലും വന്നിട്ടുള്ള മാറ്റങ്ങളാണ് പ്രധാന കാരണങ്ങൾ. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിലും യുവജനങ്ങളിലും കണ്ടുവരുന്ന വർദ്ധിച്ച തോതിലുള്ള അടയ്ക്ക ഉൽപ്പന്നങ്ങളുടെ ഉപയോഗം, ഫാസ്റ്റ് ഫുഡ് സംസ്കാരം തുടങ്ങിയവയും ദന്തരോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണ്. കോഴിക്കോട് ദന്തൽ കോളേജിലും തിരുവനന്തപുരം ദന്തൽ കോളേജിലും ഇത് സംബന്ധിച്ച് പല ഗവേഷണങ്ങളും നടത്തിയിട്ടുണ്ട്. കൂടാതെ ചില സർക്കാരിതര സംഘടനകൾ (നോൺ ഗവൺമെന്റ് ഓർഗനൈസേഷൻസ്) ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ദന്തരോഗങ്ങളെക്കുറിച്ചും ദന്തചികിത്സാ രീതിയെക്കുറിച്ചും കേരളത്തിലുള്ളവർക്ക് അവബോധം വർദ്ധിച്ചുവരുന്നുണ്ട്. ഇതിന് ദന്തൽ കോളേജുകളിൽനിന്നും ഇതര ചികിത്സാ കേന്ദ്രങ്ങളിൽനിന്നുമുള്ള ദന്തചികിത്സാ വിദഗ്ധന്മാരുടെ സേവനവും ഉപദേശവും നന്നായി സ്വാധീനം ചെലുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യവകുപ്പിൽ പ്രസ്തുത കാലയളവിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 2011-12 സാമ്പത്തിക വർഷം 17,96,960 രൂപയും (പതിനേഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി തൊള്ളായിരത്തി അറുപത് രൂപ), 2012-13 സാമ്പത്തിക വർഷം 25,00,000 രൂപയും (ഇരുപത്തിയഞ്ചുലക്ഷം രൂപ), 2013-14 സാമ്പത്തിക വർഷത്തിൽ 62,57,500 രൂപയും (അറുപത്തിരണ്ടുലക്ഷത്തി അൻപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) ദന്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ദന്തൽ കോളേജുകളിൽ പ്രസ്തുത കാലയളവിൽ 4,52,47,569 രൂപ (നാല് കോടി അമ്പത്തിരണ്ടുലക്ഷത്തി നാൽപ്പത്തിയേഴായിരത്തിഅഞ്ഞൂറ്റി അറുപത്തിഒൻപത് രൂപ) ദന്ത ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

ബാക്കിയുള്ള സ്കൂൾ ദന്തൽ ക്യാമ്പുകൾ, ജില്ലാതല ബോധവൽക്കരണ പ്രവർത്തനങ്ങൾ, കേടായ ദന്തോപകരണങ്ങളുടെ റിപ്പെയർ, ദന്തവിഭാഗം ജീവനക്കാർക്കുള്ള സംസ്ഥാന/ജില്ലാതല പരിശീലനം എന്നിവയ്ക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഓറൽ ക്യാൻസർ സ്ക്രീനിംഗ് പ്രവർത്തനങ്ങൾക്കായി കിറ്റുകൾ വാങ്ങുന്നതിനായി ജില്ലകൾക്ക് അനുവാദം നൽകി. ദന്തചികിത്സയ്ക്ക് വേണ്ട ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ (8 എണ്ണം) സ്ഥാപിക്കുന്നതിനായി ഉത്തരവ് നൽകി.

(സി) നിലവിൽ സംസ്ഥാനത്തെ സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും ദന്തൽ ഡോക്ടർമാരുടെ തസ്തികകൾ നിലവിലില്ലാത്തതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന

36 (8096) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജനയിൻ (ആർ. എസ്. ബി. വൈ.) കീഴിൽ ആശുപത്രികൾക്ക് ലഭിക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതുസംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിൽ ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly